## ചോദ്യോത്തരം
### മുജീബ്

# സന്ദേഹങ്ങൾക്ക് ഇടമില്ലാത്ത രാഷ്ട്രീയ ഇസ്‌ലാം?

■ *"അന്വേഷണങ്ങൾക്കും സന്ദേഹങ്ങൾക്കും ഇടമില്ലാത്ത ഒരു പുതിയ ഇസ്‌ലാം ലോകത്ത് രൂപംകൊണ്ടത് കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യം മുതൽക്കാണ്. ഇതിന്റെ പേരാണ് രാഷ്ട്രീയ ഇസ്‌ലാം. ഈജിപ്തിലെ മുസ്‌ലിം ബ്രദർഹുഡ്, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ജമാഅത്തെ ഇസ്‌ലാമി, സൗദി രാജകുടുംബത്തെ സ്വാധീനിച്ച വഹാബി പരിഷ്കരണ ചിന്തകൾ എന്നിവയെല്ലാം ചേർന്ന് ഇസ്‌ലാമിനെ ചിന്തകൾക്കും വിട്ടുവീഴ്ചകൾക്കും മാറ്റങ്ങൾക്കും ഇടമില്ലാത്ത ഒരു കർക്കശ മതമാക്കി മാറ്റി. ഇന്ത്യയിലെ ഹിന്ദുത്വരാഷ്ട്രീയം പോലെ സംഘടിത ക്രൈസ്തവ സഭപോലെ ഇതും മനുഷ്യരാശിയുടെ ശത്രുപക്ഷത്ത് തന്നെയാണ്. രാഷ്ട്രീയ ഇസ്‌ലാമിന്റെ മൊത്ത-ചെറുകിട വിതരണക്കാരായി അധഃപതിച്ചുവെന്നാണ് കേരളത്തിലെ ഇസ്‌ലാമിക സംഘടനകളുടെ വലിയ വീഴ്ച. സ്വതന്ത്രചിന്തയുടെയും അന്വേഷണത്തിന്റെയും വഴികളെ ഈ സംഘടനകൾ അംഗീകരിക്കുന്നില്ല. ചുരുക്കം കർമാനുഷ്ഠാനങ്ങൾ കണിശതയോടെ ചെയ്താൽ നിങ്ങൾ സ്വർഗത്തിലെത്തുമെന്ന് ഇവർ സമുദായംഗങ്ങളെ പറഞ്ഞു വിശ്വസിപ്പിക്കുന്നു" ('രാഷ്ട്രീയ ഇസ്‌ലാമിന്റെ തടവുകാർ', എം.പി ബഷീർ, മലയാളം വാരിക 2008 നവംബർ 7). മുജീബിന്റെ പ്രതികരണം?*

***കെ.പി റഫീഖ് ചാലാട്***

**വി**വരക്കേടിന്റെയും മുൻവിധിയുടെയും ആകത്തുകയാണ് ലേഖകന്റെ ഇസ്‌ലാം വിശകലനം. രാഷ്ട്രീയ ഇസ്‌ലാം എന്ന പദപ്രയോഗം തന്നെയാണ് ഒന്നാമത്തെ വിവരക്കേട്. രാഷ്ട്രീയമില്ലാത്ത ഒരു ഇസ്‌ലാമിനെ പ്രവാചകന്റെ കാലഘട്ടം മുതൽക്കിങ്ങോട്ട് ഏതെങ്കിലും ചരിത്ര സന്ദർഭത്തിൽ ലേഖകൻ കാണിച്ചുതരുമോ? തന്റെ പ്രബോധനത്തിന്റെ തുടക്കത്തിൽ വിരലിലെണ്ണാവുന്ന പീഡിതരായ വിശ്വാസികൾ ശത്രുക്കളുടെ കൊടിയ മർദനങ്ങളെപ്പറ്റി ആവലാതിപ്പെട്ടപ്പോൾ പ്രവാചകൻ പ്രതികരിച്ചതെങ്ങനെയാണ്? '(യമനിലെ) സൻആ മുതൽ ഹദറമൗത്ത് വരെ നീളുന്ന ഭൂപ്രദേശത്തിലൂടെ പടച്ചവനെയും ആട്ടിൻ കുട്ടിയെ പിടിക്കുന്ന ചെന്നായയെയുമല്ലാതെ മറ്റൊന്നിനെയും ഭയക്കാതെ ഒരു സഞ്ചാരിക്ക് യാത്ര ചെയ്യാവുന്ന സമാധാനകാലം സമാഗതമാവുന്ന കാലത്തോളം ഈ ദൗത്യത്തെ അല്ലാഹു പൂർത്തീകരിക്കും' എന്ന്. ഇത് ആത്മീയ നിർവൃതിയോ സമാധാനപൂർണമായ ഭൗതിക ജീവിതമോ? കാലഘട്ടത്തിലെ റോമാ, പേർഷ്യൻ സാമ്രാജ്യങ്ങളെ തകർത്തെറിഞ്ഞു അവരുടെ കോളനികളെ ഇസ്‌ലാം മോചിപ്പിച്ചത് രാഷ്ട്രീയമോ ആധ്യാത്മികതയോ? അറേബ്യയിൽ സിവിൽ ക്രിമിനൽ നിമയങ്ങളക്കം ഒരു പരിഷ്കൃത ഭരണക്രമം പ്രവാചകനും തുടർന്ന് ശിഷ്യന്മാരും സ്ഥാപിച്ചത് രാഷ്ട്രീയമല്ലെങ്കിൽ പിന്നെ എന്താണ് രാഷ്ട്രീയം?

വ്യക്തിക്ക് സംശുദ്ധിയും സമൂഹത്തിന് സമാധാനവും രാഷ്ട്രത്തിന് സമൃദ്ധിയും പ്രദാനം ചെയ്ത ഈ വ്യവസ്ഥിതിയെ മനുഷ്യസമൂഹത്തിന് ദുരിതങ്ങൾ മാത്രം സമ്മാനിച്ച മുതലാളിത്ത സാമ്രാജ്യത്വ മാർക്സിസ്റ്റ് വ്യവസ്ഥിതികൾക്ക് ബദലായി ലോകത്ത് പുനരവതരിപ്പിക്കുകയാണ് ഈജിപ്തിലെ മുസ്‌ലിം ബ്രദർ ഹുഡും ഇന്ത്യയിലെ ജമാഅത്തെ ഇസ്‌ലാമിയും ചെയ്തത്. അത് അബദ്ധമായി എന്ന് അഭിപ്രായമുള്ളവർ ബുദ്ധിപരമായും തെളിവുകളുടെ പിൻബലത്തോടെയുമാണ് വാദിക്കേണ്ടത്, യുക്തിരഹിതമായി അധിക്ഷേപിക്കുകയല്ല. അന്വേഷണങ്ങൾക്കും സന്ദേഹങ്ങൾക്കും ഇസ്‌ലാമിനോളം പഴുതും അവസരവും നൽകിയ പ്രത്യയശാസ്ത്രം മറ്റില്ല. വിശുദ്ധ ഖുർആൻ പ്രതിയോഗികളുടെ ബാലിശ സംശയങ്ങൾക്കു പോലും മറുപടി നൽകിയ ഗ്രന്ഥമാണ്. നിയമനിർമാണത്തിന്റെയും ഗവേഷണത്തിന്റെയും മൂന്നാമത്തെ അടിത്തറയായി ഇജ്തിഹാദിനെ ഇസ്‌ലാം അംഗീകരിച്ചത് തന്നെ ചോദ്യങ്ങളും സംശയങ്ങളും മുമ്പിൽ കണ്ടാണ്. ദൈവശാസ്ത്രത്തിലും കർമശാസ്ത്രത്തിലും ഒട്ടേറെ വിചാരധാരകൾ ഉടലെടുത്തതും അവയൊക്കെയും മൗലിക തത്ത്വങ്ങളിൽനിന്ന് വ്യതിചലിക്കാത്തേടത്തോളം ഇസ്‌ലാം തന്നെയാണെന്ന് വിധിച്ചതും സംശയിക്കാനും ചോദിക്കാനും വിമർശിക്കാനും അവസരം നൽകിയതിന്റെ ഫലമാണ്. പക്ഷേ, ഒരിക്കലും അവസാനിക്കാത്ത സംശയങ്ങളുടെ ഉടമയായി മനുഷ്യൻ മാറിയാൽ അത് ആരോഗ്യകരമായ ചിന്തയല്ല, ചികിത്സിച്ചുമാറ്റേണ്ട മനോരോഗമാണ്. കാർക്കശ്യം എന്നാൽ എന്താണ്? അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തെയും അരാജകത്വത്തെയും എതിർക്കുന്നതാണ് കാർക്കശ്യമെങ്കിൽ അച്ചടക്കപൂർണവും ധാർമികവുമായ ജീവിതത്തിന് ആ കാർക്കശ്യം കൂടിയേ തീരൂ എന്നാണ് മറുപടി. കേരളത്തിലെ എന്നല്ല എവിടത്തെയും മതസംഘടനകളുടെ പരിമിതയും പരാജയവും ഇസ്‌ലാമിനെ രാഷ്ട്രീയവത്കരിച്ചതല്ല, അരാഷ്ട്രീയവത്കരിച്ചതാണ്. അനന്തവും ബാലിശവുമായ കർമശാസ്ത്ര വിവാദങ്ങളുടെയും ജീവിതത്തിൽനിന്ന് ഒളി

ച്ചോടാൻ പ്രേരിപ്പിക്കുന്ന ത്വരീഖത്തുകളുടെയും തടവറയിൽ മതസംഘടനകൾ തളച്ചിടപ്പെടാൻ കാരണം അരാഷ്ട്രീയവത്കരണമാണ്. മറിച്ച് മനുഷ്യസമൂഹത്തിന്റെ ജീവൽപ്രശ്നങ്ങളിൽ ഇടപെടാനും മാനവികതയുടെ ശത്രുക്കളോട് പൊരുതാനും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് സാധിക്കുന്നത് ഇസ്‌ലാമിന്റെ രാഷ്ട്രീയഭൂമികയിൽ നിലയുറപ്പിച്ചതുകൊണ്ടുമാണ്.

## എവിടെയാണ് സത്യം?

■ *ഇന്ത്യൻ മുസ്‌ലിംകൾക്ക് നേരെയുള്ള തീവ്രവാദ ആരോപണങ്ങൾ നാൾക്കുനാൾ വർധിച്ചുകൊണ്ടിരിക്കുന്നു. ചില മുസ്‌ലിം കൂട്ടായ്മകൾ ഭരണകൂടത്തിന്റെയും വർഗീയ കക്ഷികളുടെയും കരിമ്പട്ടികയിൽ ഉൾപ്പെടുകയും ചെയ്തിരിക്കുന്നു. സമാധാനത്തോടെയും സഹിഷ്ണുതയോടെയും പ്രവർത്തിച്ചുവരുന്ന ജമാഅത്ത് പോലുള്ള സംഘടനകൾ പോലും ഇതിലേക്ക് വലിച്ചിഴക്കപ്പെടുകയാണെങ്കിൽ എവിടെയാണ് സത്യം? എവിടെയാണ് സമാധാനം?*

***നസീർ പള്ളിക്കൽ***

**'നി**ങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയവരുടെ അനുഭവം നിങ്ങൾക്കും വന്നുഭവിക്കാതെ സ്വർഗത്തിൽ കടന്നുകളയാമെന്നാണോ നിങ്ങൾ കരുതുന്നത്?' എന്ന് വിശ്വാസികളോട് അല്ലാഹു ചോദിച്ചത് വെറുതെയല്ലല്ലോ. ഈമാനിന്റെ ദാർഢ്യമനുസരിച്ച് പരീക്ഷണങ്ങളും കൂടിക്കൊണ്ടേയിരിക്കും. ഇരുപതാം നൂറ്റാണ്ടിൽ തന്നെ അതിക്രൂരമായ ഭരണകൂട പീഡനങ്ങൾക്കിരയായ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ പകുതി പരീക്ഷണങ്ങൾ പോലും ജമാഅത്തെ ഇസ്‌ലാമിക്ക് നേരിടേണ്ടിവന്നിട്ടില്ല. നിരോധങ്ങളുണ്ടായത് ശരിയാണ്. പക്ഷേ ഏറെ കഷ്ടപ്പെടാതെ നിരോധങ്ങളെ അതിജീവിക്കാനും പൂർവാധികം ഊർജസ്വലതയോടെ കർമനിരതമാവാനും ഇസ്‌ലാമിക പ്രസ്ഥാനത്തെ അല്ലാഹു തുണച്ചു. ഇന്നിപ്പോൾ വർഗീയ ഫാഷിസ്റ്റുകളും അധികാരികളിലെ അധർമകാരികളും മുസ്‌ലിം സമുദായത്തിലെതന്നെ ഒറ്റുകാരും ചേർന്ന് വിശ്വാസികളുടെ കൂട്ടായ്മകൾക്കു നേരെ തിരിയുന്നുണ്ടെങ്കിലും മാലേഗാവ് സ്ഫോടനം പോലുള്ള തിരിച്ചടികളും അന്യായമായ തീവ്രവാദ വേട്ടക്കെതിരെയുള്ള മനുഷ്യാവകാശ പ്രസ്ഥാനങ്ങളുടെ ശക്തമായ പ്രതികരണങ്ങളും സമുദായ നേതാക്കളുടെ സന്ദർഭോചിതമായ ഇടപെടലുകളും നൽകുന്ന ആശ്വാസത്തെ ചെറുതായി കാണരുത്. ഭരണകൂട ഭീകരതക്കെതിരെ ശബ്ദമുയർത്താൻ ജനാധിപത്യ വ്യവസ്ഥ നൽകുന്ന അവസരവും നിസ്സാരമല്ല. എല്ലാം പോകട്ടെ, ഈ വേട്ടയുടെയൊക്കെ തലതൊട്ടപ്പനായ സാക്ഷാൽ ജോർജ് ഡബ്ലിയു. ബുഷിന് സ്വന്തം ജനത നൽകിയ 'പ്രതിഫലം' എങ്ങനെയുള്ളതാണ്? അയാളുടെ പാർട്ടി സ്ഥാനാർഥിയെ അമേരിക്കക്കാർ കഠിനമായി പ്രഹരിച്ചില്ലേ?

## ഉണ്ണിത്താന്റെ ആവശ്യം

■ *തീവ്രവാദ -ഭീകരവാദ സംഘടനകളെ കുറിച്ച അന്വേഷണത്തിൽ, ഇന്ത്യൻ മതേതരത്വത്തെയും ജനാധിപത്യത്തെയും ഭരണഘടനയെയും അംഗീകരിക്കാത്ത മൗദൂദിയൻ സിദ്ധാന്തങ്ങൾ കൊണ്ടു നടക്കുന്ന സംഘടനകളെയും ഉൾപ്പെടുത്തണമെന്ന് ശ്രീ രാജ്മോഹൻ ഉണ്ണിത്താൻ ജയ് ഹിന്ദ് ടിവിയിൽ നടന്ന ഒരു ചർച്ചയിൽ പറഞ്ഞു. പ്രതികരണം?*

***അബ്ദുൽ ഷുകൂർ ദമാം***

**രാജ്**മോഹൻ ഉണ്ണിത്താന്റെ പാർട്ടി അധികാരത്തിലിരിക്കെ ഒരന്വേഷണവും നടത്താതെത്തന്നെ രണ്ടുതവണ 'മൗദൂദിയൻ' പാർട്ടിയെ നിരോധിച്ചിരുന്നല്ലോ. എന്നിട്ടെന്തായി? ആദ്യ തവണ ഉണ്ണിത്താന്മാരുടെ ആൾദൈവം ഇലക്ഷനിൽ മുഖം കുത്തി വീണു; അടിയന്തരാവസ്ഥയും നിരോധനവും പിൻവലിക്കേണ്ടിയും വന്നു. രണ്ടാം തവണ നിരോധത്തിനെതിരെ ജമാഅത്തെ ഇസ്‌ലാമി പരമോന്നത കോടതിയെ സമീപിച്ചു. നിരോധത്തിന് ഞൊണ്ടി ന്യായം പോലും ഇല്ലെന്ന് വ്യക്തമാക്കി സുപ്രീം കോടതി അത് റദ്ദാക്കി. അന്നേരവും രാജ്യത്തെ എല്ലാ ഭാഷകളിലും മൗദൂദിയുടെ പുസ്തകങ്ങളുണ്ടായിരുന്നില്ലേ? എന്തുകൊണ്ട് ഉണ്ണിത്താനും ആര്യാടന്മാർക്കും അതെടുത്ത് പ്രോസിക്യൂഷനെ ഏൽപിക്കാനും നിരോധം ന്യായമാണെന്ന് സ്ഥാപിക്കാനും സാധിച്ചില്ല? 1979-ൽ നിര്യാതനായ മൗദൂദി പുനർജീവിച്ചുവന്ന് പുതിയതൊന്നും എഴുതിയിട്ടില്ല. മുസ്‌ലിം നാമധാരികളുടെ അസൂയയും ഈറയും മാത്രം കൈമുതലായുള്ള ജൽപനങ്ങളാൽ വഴിപിഴപ്പിക്കപ്പെടുകയാണ് ഉണ്ണിത്താന്മാർ. എന്നാലും സമഗ്രമായ അന്വേഷണത്തെയും സത്യസന്ധമായ ആശയസംവാദത്തെയും ജമാഅത്തെ ഇസ്‌ലാമി സ്വാഗതം ചെയ്യുന്നു. കോൺഗ്രസ് ബുദ്ധിജീവികൾ തയാറുണ്ടോ?

## ജമാഅത്തും ശിഈസവും

■ *ജമാഅത്തെ ഇസ്‌ലാമിയുടെ പേരിൽ ശിഈസം ആരോപിച്ചുകൊണ്ട് ഗൾഫിൽ മുജാഹിദ് പ്രവർത്തകർ നിരവധി ഇമെയിലുകളും സി.ഡികളും പ്രചരിപ്പിക്കുന്നുണ്ട്. യഥാർഥത്തിൽ ജമാഅത്തും ശിഈസവും തമ്മിലുള്ള ബന്ധമെന്തെന്ന് ഒന്നു വിശദീകരിക്കാമോ?*

***വി.കെ റഫീഖ് ജിദ്ദ***

**ഇ**ല്ലാത്ത ബന്ധം എങ്ങനെയാണ് വിശദീകരിക്കുക? ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ജമാഅത്തെ ഇസ്‌ലാമി സംഘടനകളിൽ ഒരൊറ്റ ശിഈ പോലും അംഗമായതായറിയില്ല. ജമാഅത്തിന്റെ ഭരണഘടന അല്ലാഹുവിനെയും റസൂലിനെയുമല്ലാതെ സത്യത്തിന്റെ മാനദണ്ഡമായി മറ്റാരെയും അംഗീകരിച്ചിട്ടില്ലാത്തതിനാൽ, അലി (റ) മുതൽ താഴോട്ട് പ്രവാചക കുടുംബാംഗങ്ങളെ മഅ്സൂമുകളായി സങ്കൽപിക്കുന്ന ശിഈ വിശ്വാസിക്ക് ജമാഅത്തിൽ ചേർന്ന് പ്രവർത്തിക്കാനുമാവില്ല. കേരളത്തിലൊഴിച്ചുള്ള സലഫികളാരും ജമാഅത്തെ ഇസ്‌ലാമിയിൽ ശിഈസം ആരോപിക്കാറില്ല. കേരള സലഫികൾ ഇസ്‌ലാമിക രാഷ്ട്രീയത്തെ നിരാകരിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നതിനാൽ, ഇസ്‌ലാമിന്റെ രാഷ്ട്രീയത്തിൽ ഊന്നുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ അരാഷ്ട്രീയവാദികളല്ലാത്ത ശിഈകളോട് ചേർത്തു പറയാൻ നിർബന്ധിതരാവുന്നതാവാം. എന്തായാലും കേരളത്തിലെതന്നെ മുജാഹിദുകളിൽ ഒരു വിഭാഗം അരാഷ്ട്രീയതയുടെ ചതിക്കുഴിയിൽനിന്ന് മുക്തി നേടുന്ന ലക്ഷണമുണ്ട്.

## ആര്യാടനും ജമാഅത്തും

■ *ദൽഹി ജാമിഅ മില്ലിയ്യയിലെ തീവ്രവാദികളുമായി ഏറ്റുമുട്ടിയത് വ്യാജ ഏറ്റുമുട്ടലാക്കാൻ ജമാഅത്തെ ഇസ്‌ലാമി ശ്രമിക്കുകയാണെന്നും ബോധപൂർവം തീവ്രവാദികളെ സഹായിക്കുന്നതിന്റെ തെളിവാണിതെന്നും കോൺഗ്രസ് നേതാവ് ആര്യാടൻ മുഹമ്മദ്. കോൺഗ്രസ് തോറ്റ് തൊപ്പിയിട്ടാലും വരുന്ന തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമിയുടെ വോട്ട് വാങ്ങേണ്ട ആവശ്യമില്ല. ലോകം നിലനിൽക്കുന്ന കാലത്തോളം ജമാഅത്തിന്റെ വോട്ട് കോൺഗ്രസിന് കിട്ടാൻ പോകുന്നില്ലെന്നും രമേശ് ചെന്നിത്തലയെയും ഉമ്മൻ ചാണ്ടിയെയും*

*നോക്കി ആര്യാടൻ പറഞ്ഞു. കോൺഗ്രസ് മലപ്പുറം ജില്ലാ കൺവെൻഷനിൽ ആര്യാടൻ നടത്തിയ പ്രസംഗത്തിൽനിന്നുള്ളതാണിത്. മുജീബിന്റെ പ്രതികരണം?*

***അബൂ ഫർസാന ഉളിയിൽ***

**ബ**ട്‌ല ഹൗസിലെ ഏറ്റുമുട്ടലിനെക്കുറിച്ച് അന്വേഷിക്കണമെന്ന് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതാവ് സൽമാൻ ഖുർശിദടക്കം ആവശ്യപ്പെട്ട സ്ഥിതിക്ക് ആര്യാടൻ എന്തു പറയും? അവരും തീവ്രവാദികളെ സഹായിക്കുകയാണോ?

ജമാഅത്തെ ഇസ്‌ലാമിയുടെ വോട്ട് വേണ്ടെന്ന് ആര്യാടൻ മാത്രം പറഞ്ഞാൽ പോരല്ലോ. എ.കെ ആന്റണിയും വയലാർ രവിയും വി.എം സുധീരനും രമേശ് ചെന്നിത്തലയും ഉമ്മൻ ചാണ്ടിയും മറ്റനേകരും പല സന്ദർഭങ്ങളിൽ ജമാഅത്ത് നേതാക്കളെ കണ്ട് പിന്തുണ ചോദിച്ചത് ആര്യാടൻ നിഷേധിച്ചിട്ട് കാര്യമില്ല. ആര്യാടന് മുന്തിരി പുളിക്കുന്നതിന്റെ രഹസ്യം വേറെ. ഏതായാലും ആര്യാടന്മാർ ഒരു കാര്യം ഓർത്താൻ നന്ന്. അമ്മി കൊത്താനുണ്ടോ അമ്മി കൊത്താനുണ്ടോ എന്ന് ചോദിച്ച് നടക്കുന്നവരെ പോലെ വോട്ട് വേണോ വോട്ട് വേണോ എന്ന് ചോദിച്ച് ജമാഅത്ത് ഇന്നുവരെ ആരുടെയും പിന്നാലെ നടന്നിട്ടില്ല. ഇങ്ങോട്ട് സമീപിച്ചവർക്ക് തന്നെയാണ് തത്ത്വാധിഷ്ഠിതമായി വോട്ട് നൽകിയത്. ചോദിച്ചവർ എഴുതിത്തന്നതൊക്കെ ഹിറാ സെന്ററിലെ ഫയലിലുണ്ട്. മാന്യത ദൗർബല്യമായി കാണരുത്. ■